# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 949 — 11.07.2016 -ൽ മറുപടിക്ക്

## കാലവർഷക്കെടുതി - നഷ്ടപരിഹാര തുക പരിഷ്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. ഉമ്മർ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് കാലവർഷക്കെടുതി സംബന്ധിച്ച നഷ്ടപരിഹാരത്തുകയുടെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് ഏത് വർഷത്തെ അടിസ്ഥാനമാക്കിയാണെന്ന് വെളിപ്പെടുത്താമോ; | എ) | 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 8/04/2015-ലെ 32-07/2014-NDM-1 നമ്പർ കത്ത് അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് കാലവർഷക്കെടുതി സംബന്ധിച്ച ആശ്വാസ ധനസഹായത്തിന്റെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. |
| ബി) | പ്രസ്തുത നഷ്ടപരിഹാര നിരക്ക് കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകാറില്ല; മറിച്ച് ആശ്വാസ ധനസഹായമാണ് നൽകുന്നത്. കേന്ദ്ര മാനദണ്ഡമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ തോത് നിർണ്ണയിക്കുന്നതിനുള്ള ആധാരം എന്നതിനാലും പുതുക്കിയിട്ട് ഒരു വർഷം മാത്രമേ ആയിട്ടുള്ളൂ എന്നതിനാലും നിലവിൽ ഇക്കാര്യം പരിഗണനയിലില്ല. |
| സി) | നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) | ആശ്വാസ ധനസഹായം നൽകുന്നതിന് സങ്കീർണ്ണമായ നടപടിക്രമങ്ങളില്ല. |
| ഡി) | പ്രസ്തുത തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) | ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്ന ആശ്വാസ ധനസഹായം ജില്ലാ ഭരണകൂടങ്ങൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ